# മനോവൈകല്യം ബാധിച്ചവർക്ക് സർക്കാറിൽനിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ

ഡോ. പി.എൻ. സുരേഷ്കുമാർ MD, DPM, DNB, Ph.D. MRC Psych
പ്രഫസർ ഓഫ് സൈക്യാട്രി,
കെ.എം.സി.ടി. മെഡിക്കൽ കോളേജ്, കോഴിക്കോട്

Intelectual Disability (ID) (ബുദ്ധിമാന്ദ്യം), Mental illness (MI) (മാനസിക രോഗങ്ങൾ),Specific learning disability (SLD) (പഠനവൈകല്യം), Autism spectrum Disorder (ASD) എന്നിവയാൽ വൈകല്യം ബാധിക്കപ്പെട്ടവർക്കായി വിവിധയിനം ആനുകൂല്യങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും ലഭ്യമാണ്. ഇവ ലഭിക്കുന്നതിനായുള്ള മാനദണ്ഡങ്ങളെക്കുറിച്ചാണ് ഈ ലേഖനത്തിൽ വിവരിക്കുന്നത്. വൈകല്യം ബാധിക്കപ്പെട്ടവർക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ അവരുടെ പക്കൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നുമുള്ള വൈകല്യ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

**എന്താണ് വൈകല്യ സർട്ടിഫിക്കറ്റ്?**

ഒരു വ്യക്തിക്കുള്ള വൈകല്യത്തിന്റെ അളവ് തിട്ടപ്പെടുത്തി മതിയായ അധികാരികൾ നൽകപ്പെടുന്ന സർട്ടിഫിക്കറ്റ് ആണ് വൈകല്യ സർട്ടിഫിക്കറ്റ്. വൈകല്യമുള്ള ഒരു വ്യക്തിയ്ക്ക് കൺസഷൻ, വ്യത്യസ്ത സ്കീമുകളിലൂടെയുള്ള ആനുകൂല്യങ്ങൾ, സൗകര്യങ്ങൾ എന്നിവ സംസ്ഥാന കേന്ദ്ര സർക്കാറുകളുടെ നിയന്ത്രണങ്ങൾക്ക് വിധേയമായി ലഭിക്കുന്നതിന് ഈ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

**ആരാണ് വൈകല്യ സർട്ടിഫിക്കറ്റിന് അർഹരായിട്ടുള്ളത്?**

RPWD Act 2016-ൽ എടുത്തു പറയപ്പെട്ട വൈകല്യങ്ങൾക്ക് കാരണമാവുംവിധം ഗൗരവകരമായ വിവിധ ശാരീരികമായതും മാനസികമായതുമായ വൈകല്യമുള്ളവർ ഈ സർട്ടിഫിക്കറ്റിന് അർഹരാണ്. 40%മോ അതിൽ കൂടുതലോ വൈകല്യമുള്ളവർക്കാണ് ആനുകൂല്യങ്ങൾ ലഭ്യമാവുക.

**എന്താണ് UDID?**

ഇത് ഒരു ഡിജിറ്റൽ ആയിട്ടുള്ള വൈകല്യ കാർഡ് ആണ്. ഇതിനു ഇന്ത്യയിൽ എല്ലായിടത്തും സാധുത ഉണ്ട്. വൈകല്യം ഉള്ളവർക്ക് www.swavlambaniard.gov.in എന്ന വെബ്സൈറ്റിലൂടെ UDID ക്കായി അപേക്ഷിക്കാവുന്നതാണ്.

**വൈകല്യം ബാധിക്കപ്പെട്ടവരുടെ ക്ഷേമം സംബന്ധിയായ നിയമങ്ങൾ**

1. The Right of Person with Disabilities (RPWD) Act 2016
2. National Trust Act for Welfare of person with autism, cerebral palsy, mental retardation and multiple disability act, 1999
3. Rehabilitation Council of India Act 1992
4. The Mental Health Care Act 2017 pertaining to mental illness alone

**മാനസിക വൈകല്യമുള്ളവർക്കായുള്ള ആനുകൂല്യങ്ങൾ**

എല്ലാ ഗ്രാമപഞ്ചായത്ത് / താലൂക്ക് പഞ്ചായത്ത് / കോർപ്പറേഷൻ / മുനിസിപ്പൽ / മെട്രോസിറ്റി കോർപ്പറേഷനുകളും അവരുടെ ബഡ്ജറ്റിന്റെ ചുരുങ്ങിയത് 5 ശതമാനമെങ്കിലും വൈകല്യമുള്ളവരുടെ ക്ഷേമത്തിനായി വിനിയോഗിക്കേണ്ടതാണ്.

**1. വൈകല്യ പെൻഷൻ**

ബിപിഎൽ കാർഡുള്ളവരായിട്ടുള്ള വൈകല്യമുള്ളവർ അല്ലെങ്കിൽ നിശ്ചിത പരിധിക്ക് താഴെ വാർഷിക വരുമാനമുള്ള വൈകല്യമുള്ളവർ എന്നിവർക്ക് ഈ ആനുകൂല്യം പ്രയോജനപ്പെടുത്താം. 40 ശതമാനത്തിനും 70 ശതമാനത്തിനും ഇടയിൽ വൈകല്യമുള്ളവർക്ക് മാസം 600 രൂപയായിരിക്കും പെൻഷൻ. 75 ശതമാനത്തിൽ കൂടുതൽ വൈകല്യമുള്ളവർക്ക് മാസം 1400 രൂപയായിരിക്കും പെൻഷൻ.

**2. യാത്രാ ഇളവ്**

വൈകല്യമുള്ളവർക്ക് 660 രൂപ കൺസഷൻ നിരക്കിൽ സർക്കാരിന്റെ നോൺ-എസി ബസുകളിൽ യാത്ര ചെയ്യുന്നതിനായി പാസ് ലഭിക്കുന്നതാണ്. ഇളവ് ലഭിക്കുന്നതിനായി വൈകല്യ സർട്ടിഫിക്കറ്റ്, ഐഡി പ്രൂഫ്, മൂന്ന് സമീപകാലത്തെ ഫോട്ടോ എന്നിവ സമീപത്തെ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോവിൽ സമർപ്പിക്കേണ്ടതാണ്. ബസ്പാസ് ഓരോ കലണ്ടർ വർഷത്തിലും പുതുക്കേണ്ടതാണ്.

ബുദ്ധിമാന്ദ്യമുള്ള വ്യക്തിക്കും അനുഗമിക്കുന്ന ഒരു വ്യക്തിക്കും റെയിൽവേ യാത്രക്കായി യാത്ര ചെയ്യുന്ന ക്ലാസ് അനുസരിച്ച് പരമാവധി 75% വരെ കൺസഷൻ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് www.irctchelp.in/railwayrules-handicapped സന്ദർശിക്കുക. വൈകല്യമുള്ളവർക്ക് (ഓൺലൈൻ ടിക്കറ്റ് ഉൾപ്പെടെ) കൺസഷൻ ലഭിക്കുന്നതിനായി പ്രത്യേ 10 നമ്പരോടുകൂടിയ ഫോട്ടോ ഐഡി കാർഡ് ബന്ധപ്പെട്ട റെയിൽവേ ഡിവിഷണൽ മാനേജർ ഓഫീസിൽനിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Govt. of India, Ministry of Railway Circular No. 2011/TG-1/10/eticketing for disabled/pt-1 dated 19.3.2012 റഫർ ചെയ്യുക.

**ഇൻഷുറൻസ് സ്കീമുകൾ - Niramaya Scheme**

(National Trust Act)

ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൾസി, ഓട്ടിസം, ഒന്നിലേറെ വൈകല്യം എന്നിവയാൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവർ ഈ സ്കീമിന് അർഹരാണ്. ഇതിൽ ഔട്ട്പേഷ്യന്റ് ചികിത്സ, ആരോഗ്യ ചെക്കപ്പ്, ശസ്ത്രക്രിയ, ഓൾട്ടർനേറ്റീവ് മെഡിസിൻസ്, യാത്ര എന്നിവ ഉൾപ്പെടെ വർഷത്തിൽ ഒരു ലക്ഷം രൂപ ലഭിക്കുന്നു. ഏതു ആശുപത്രിയിൽ നിന്നും ചികിത്സ തേടാവുന്നതാണ്. പ്രീ-ഇൻഷുറൻസ് മെഡിക്കൽ ടെസ്റ്റുകൾ ആവശ്യമില്ല. ബിപിഎൽ ആയിട്ടുള്ളവർക്ക് ആദ്യതവണ ചേരുന്നതിനുള്ള ഫീസ് വർഷത്തിൽ 250 രൂപയാണ്. ശേഷം പുതുക്കുന്നതിനായി വർഷത്തിൽ 50 രൂപ മതിയാകും. എപിഎൽ വിഭാഗത്തിൽ പെടുന്നവർക്ക് ആദ്യ തവണ ചേരുന്നതിന് 500 രൂപയും പുതുക്കുന്നതിനായുള്ള ഫീസ് 250 രൂപയും ആണ്. കൂടുതൽ വിവരങ്ങൾക്ക് www.niramayascheme.com സന്ദർശിക്കുക.

**തൊഴിൽ മേഖലയിലെ ഇളവുകൾ**

ID, ASD, SLD, MI, ഒന്നിലേറെ വൈകല്യങ്ങൾ എന്നിവയാൽ വൈകല്യം ബാധിച്ചവർക്ക് സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ സഹായം നൽകപ്പെടുന്ന സ്ഥാപനങ്ങളിലും

തൊഴിൽ സംവരണം നൽകിയിട്ടുണ്ട്.

വൈകല്യമുള്ളവർക്ക് Ministry of Labour and Employment - National Career Service website www.ncs.gov.in ൽ ജോലിക്കായി രജിസ്റ്റർ ചെയ്യാവുന്നതാണ്. വൈകല്യമുള്ളവർക്ക് DDW Office ലെ പ്രത്യേക employment exchange ലും രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രത്യേക employment exchange ൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഇത്തരക്കാർക്ക് 2 വർഷത്തിനുള്ളിൽ ജോലി ലഭിക്കാതെ വന്നാൽ അവർക്ക് പ്രതിമാസം 1000 രൂപ തൊഴിലില്ലായ്മ വേതനമായി ലഭിക്കുവാൻ അർഹതയുണ്ട്. വൈകല്യമുള്ളവർക്ക് ഒന്നുകിൽ വൈകല്യ പെൻഷനോ അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനമോ ലഭിക്കും. രണ്ടും ഒരുമിച്ചു ലഭിക്കുന്നതല്ല.

ലഘുവായ ബുദ്ധിമാന്ദ്യം ഉള്ളവർക്കായി Vocational Rehabilitation Center for Handicapped (VRCH) ന്റെ നേതൃത്വത്തിൽ വൊക്കേഷണൽ ട്രെയിനിംഗ്, ജോലി നേടാനുള്ള സഹായം എന്നിവയും നൽകപ്പെടുന്നു.

SwarnaJayanthi Gram Swarozgar Yojana, Swarna Jayanthi Shanori Rozgar Yojana, Prathanm Koushal Vikas Yojana, Prime Minister Employment Generation Programme, Mahathma Gandhi National Rural Employment Guarantee Act എന്നിവകളിലും വൈകല്യമുള്ളവർക്ക് സംവരണവും കൺസഷനുകളും ഉണ്ട്.

സർവ്വീസിനിടയിൽ വൈകല്യം സംഭവിക്കപ്പെടുന്ന ജോലിക്കാരനെ ഒഴിവാക്കാനോ, അദ്ദേഹത്തിന്റെ റാങ്ക് താഴ്ത്തുവാനോ പാടുള്ളതല്ല. വൈകല്യത്തിന്റെ കാരണത്താൽ പ്രമോഷൻ തടയാനും പാടില്ല.

സ്വകാര്യമേഖലയിലെ തൊഴിലുടമകൾ വൈകല്യം ഉള്ളവർക്ക് തൊഴിൽ നൽകുന്നത് പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി Employees Provident Fund, Emloyees State Insurance എന്നിവയിൽ തൊഴിലുടമയുടെ വിഹിതം ആദ്യ മൂന്നു വർഷങ്ങളിൽ സർക്കാർ അടയ്ക്കുന്നു.

**വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

വ്യക്തമായ വൈകല്യങ്ങളുള്ള എല്ലാ കുട്ടികൾക്കും 6 മുതൽ 18 വയസുവരെ സമീപത്തെ സ്കൂളിലോ, സ്പെഷ്യൽ സ്കൂളിലോ സൗജന്യമായി വിദ്യാഭ്യാസം നേടുന്നതിനായുള്ള അവകാശം ഉണ്ട്.

6 മുതൽ 14 വയസുവരെ പ്രായമുള്ള വൈകല്യമുള്ള കുട്ടികൾക്ക് അനുയോജ്യമായ സാഹചര്യങ്ങളിൽ വിദ്യാഭ്യാസം നൽകുന്നത് സർവ്വശിക്ഷ അഭിയാൻ (SSA) ഉറപ്പു വരുത്തുന്നു. മാത്രമല്ല ഒരു കുട്ടിയും വിദ്യഭ്യാസ സമ്പ്രദായത്തിൽനിന്നും വിട്ടുപോകുന്നില്ല എന്നു ഉറപ്പു വരുത്തുകയും ചെയ്യുന്നു.

രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ (RMSA)- 14 വയസ്സിനും അതിനു മുകളിലും പ്രായമായ വൈകല്യം അനുഭവിക്കുന്ന കുട്ടികൾക്ക് അവരുടെ 9-ാം ക്ലാസ് മുതൽ 12-ാം ക്ലാസുവരെയുള്ള വിദ്യാഭ്യാസം സർക്കാർ സ്കൂളുകളിലും, എയ്ഡഡ് സ്കൂളുകളിലും നടത്തപ്പെടുവാൻ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു.

ID, ASD, SLD, MI, ഒന്നിലധികം വൈകല്യം എന്നിവ ഉൾപ്പെടെയുള്ള വൈകല്യ ബാധിതർക്ക് സർക്കാർ സ്കൂളുകളിലും, എയ്ഡഡ് സ്കൂളുകളിലും 5% സംവരണം ഉണ്ട്. പഠന വൈകല്യം ഉള്ള വിദ്യാർത്ഥികൾക്ക് പരീക്ഷയിൽ ഇളവുകളുമുണ്ട്. ഇതു വിവിധ എഡ്യൂക്കേഷൻ ബോർഡുകളിൽ വ്യത്യസ്തമാണ്. രണ്ടാം ഭാഷ ഒഴിവാക്കിയിട്ടുണ്ട്. ഒരു മണിക്കൂർ നേരമുള്ള പരീക്ഷകളിൽ 15 മിനിറ്റ് സമയം അധികമായി നൽകുക, സ്ക്രൈബിനെ ഉപയോഗിക്കാനുള്ള അവസരം നൽകുക, ഗ്രേസ് മാർക്ക് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

Department of Empowerment of Person with Disabilities, Govt. of India വൈകല്യങ്ങൾ ഉള്ള വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക്, അണ്ടർഗ്രാഡ്വേറ്റ്, ഡിപ്ലോമാ എന്നീ കോഴുസുകൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നു.

All India Council of Technical Education (AICIE) അംഗീകരിക്കപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ടെക്നിക്കൽ ഡിഗ്രി/ഡിപ്ലോമാ കോഴ്സുകൾ പഠിക്കുന്നതിനായി AICTE യുടെ സാക്ഷം സ്കോളർഷിപ്പ് ലഭ്യമാണ്.

വൈകല്യമുള്ള കുട്ടികൾക്ക് MPhil, PhD തുടങ്ങി ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കുന്നതിനായി യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ (MGC) നിന്നും Rajiv Gandhi National Fellowship Scholarship നൽകിവരുന്നു.

ബി.പി.എൽ-ലിൽ പെടുന്ന വൈകല്യബാധിതർക്ക് വർഷത്തിൽ ഒരിക്കൽ സ്കോളർഷിപ്പ് നൽകപ്പെടുന്നു.

വൈകല്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് കുട്ടികളുടെ വിദ്യാഭ്യാസ അലവൻസ്, ഹോസ്റ്റൽ സബ്സിഡി എന്നിവ തിരികെ കിട്ടുന്നതിനായി ഉയർന്ന വാർഷിക പരിധി അനുവദിക്കപ്പെട്ടിരിക്കുന്നു.

**ആദായനികുതി ഇളവുകൾ**

ആദായ നികുതി നിയമത്തിലെ സെക്ഷൻ 80U പ്രകാരം 40 ശതമാനത്തിനു കൂടുതൽ വൈകല്യം ഉള്ള വ്യക്തിക്ക് 75,000 രൂപയും, 80 ശതമാനത്തിൽ കൂടുതൽ വൈകല്യമുള്ള വ്യക്തിക്ക് 1,25,000 രൂപയും അവരുടെ ആദായനികുതി കണക്കാക്കപ്പെടുമ്പോൾ വാർഷിക വരുമാനത്തിൽനിന്നും ഇളവ് ലഭിക്കുന്നതാണ്.

സെക്ഷൻ 80DD പ്രകാരം വൈകല്യം ഉള്ളവരുടെ ചികിത്സ, പരിശീലനം, പുനരധിവാസം എന്നിവക്കായി 75,000 (വൈകല്യം 40 ശതമാനത്തിൽ കൂടുതൽ) രൂപയും 1,25,000 (വൈകല്യം 40 ശതമാനത്തിൽ കൂടുതൽ) രൂപയും പരിചരിക്കുന്ന ആളുടെ വാർഷിക വരുമാനത്തിൽനിന്നും ഇളവായി ലഭിക്കുന്നതാണ്.

ആദായനികുതി നിയമം (1961) സെക്ഷൻ 80DDA പ്രകാരം സ്ഥിരമായ ശാരീരിക വൈകല്യം, ബുദ്ധിമാന്ദ്യം എന്നിവ ഉള്ളവരെ പരിചരിക്കുന്നവർക്ക് LIC അല്ലെങ്കിൽ UTI എന്നിവയുടെ നിയുക്ത സ്കീമുകളിൽ പണം അടച്ചോ, നിക്ഷേപിച്ചോ വർഷത്തിൽ 20,000

രൂപ വരെ വാർഷിക വരുമാനത്തിൽനിന്നും ഇളവ് നേടാവുന്നതാണ്.

ആദായ നികുതി നിയമത്തിൽ സെക്ഷൻ 64 പ്രകാരം വൈകല്യമുള്ള കുട്ടി ഉണ്ടാക്കിയ വരുമാനം (സ്ഥിര നിക്ഷേപം, തന്റെ പേരിലുള്ള സ്വത്തിൽനിന്നുള്ള വരുമാനം) അവരുടെ രക്ഷിതാക്കളുടെ വരുമാനവുമായി ആദായനികുതി അടക്കുന്നതിനായി കൂട്ടിചേർക്കുന്നില്ല. ആദായനികുതി അടക്കുന്ന സമയത്ത് കുട്ടിക്ക് സെക്ഷൻ 80U ന് കീഴിലെ ഇളവുകൾക്ക് വേണ്ടി അവകാശപ്പെടാവുന്നതാണ്.

**ലോണുകൾ**

ആധാര സ്കീം (Adhara Scheme) വഴി ചെറിയ ബിസ്നസുകൾ തുടങ്ങുന്നതിനായി സാമ്പത്തിക സഹായം നൽകപ്പെടുന്നു. 35000 രൂപ പലിശ രഹിത ലോണും 15000 രൂപ വരുന്ന ഇളവുകളും ഇതിൽ ഉൾപ്പെടുന്നു. ഗുണഭോക്താവിനു 18 വയസ്സോ അതിൽ മുകളിലോ പ്രായം ഉണ്ടാവേണ്ടതും സർക്കാർ നിശ്ചയിച്ചിരിക്കുന്ന വരുമാന പരിധിയിൽ പെട്ടിരിക്കുകയും വേണം. അപേക്ഷകൾ District Disabled Welfare Office (DDWO) / www.welfareofdisable.kar.nic ൽ ലഭ്യമാണ്.

**വിവാഹ അലവൻസ്**

വൈകല്യം ബാധിക്കപ്പെട്ട വ്യക്തിയും വൈകല്യം ഇല്ലാത്ത വ്യക്തിയും തമ്മിലുള്ള വിവാഹത്തിനായി 50000 രൂപ സർക്കാർ പ്രോത്സാഹനമായി നൽകുന്നു. ഇതിനായി ഭാര്യയും ഭർത്താവും അടങ്ങുന്ന ഒരു സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതാണ്.

**പെൻഷൻ കൈമാറ്റം ചെയ്യൽ**

ഭാരത സർക്കാർ ജീവനക്കാർ/പെൻഷനർ/ഫാമിലി പെൻഷനർ എന്നിവർക്ക് വിരമിക്കുന്നതിന് മുമ്പോ, വിരമിച്ചതിന് ശേഷമോ, മരണശേഷമോ കുടുംബത്തിലെ ആശ്രിതരായി കഴിയുന്ന വൈകല്യമുള്ളവർക്ക് പെൻഷൻ കൈമാറ്റം ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി Central Pension Accounting Office, Ref. No. 1/27/2011-PW(E) എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**വൈകല്യം ബാധിക്കപ്പെട്ടവരെ പരിചിരിക്കുന്നവരെ സ്ഥലം മാറ്റങ്ങളിൽനിന്നും ഒഴിവാക്കാനുള്ള ഉത്തരവ്.**

വൈകല്യമുള്ളവരെ പരിചരിക്കുന്ന കേന്ദ്ര സർക്കാർ ജീവനക്കാരനെ ഭരണപരമായ നിയന്ത്രണങ്ങൾക്കു വിധേയമായി പതിവു സ്ഥലമാറ്റങ്ങളിൽനിന്നും ഒഴിവാക്കി കിട്ടാൻ സാധ്യതയുണ്ട്. കൂടുതൽ വിവരങ്ങൾക്ക് No. 42011/3/2014 EoH (Res) dated 6 June 2014 വായിക്കുക.

**സൗജന്യ നിയമ സഹായ സേവനം**

വൈകല്യം ബാധിക്കപ്പെട്ടവർക്കും അവരുടെ കുടുംബങ്ങൾക്കും സൗജന്യ നിയമ സഹായം എല്ലാ ജില്ലാ കോടതികളിലും ലഭ്യമാണ്.

**National Trust Act നു കീഴിലുള്ള സ്കീമുകൾ**

ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൾസി, ഓട്ടിസം, ഒന്നിലേറെ വൈകല്യങ്ങൾ എന്നിവ ബാധിക്കപ്പെട്ടവരുടെ രക്ഷിതാക്കൾക്ക് National Trust Act (1999)നു കീഴിൽ ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റിന് വേണ്ടി അപേക്ഷിക്കാവുന്നതും അങ്ങിനെ പല ആനുകൂല്യ

ങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്.

ഇതിനു കീഴിൽ വരുന്ന സ്കീമുകൾ ലഭ്യമാവുന്നതിനായി നിങ്ങളുടെ പ്രദേശങ്ങളിലുള്ള National Trust Act മായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സംഘടനകളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. വിവിധ സ്കീമുകൾ താഴെ കൊടുക്കുന്നു.

Vikaas
Disha (Early Intervention and School Readiness Scheme)
Samarth (താൽക്കാലിക പരിചരണം)
Gharaanda (പ്രായപൂർത്തിയായവർക്കുള്ള വീട്)
Niramaya (പരിചാരകർക്കുള്ള പരിശീലന പരിപാടി)
Gyan Prabha (വിദ്യാഭ്യാസ സഹായം)
Prerna (മാർക്കറ്റിങ്ങ് അസിസ്റ്റൻസ് സ്കീം)
Sambhar (വൈകല്യ ലഘൂകരണം ഉപകരണങ്ങൾ)
Badhte Kadam (അവബോധം) സമൂഹവുമായി ബന്ധപ്പെടുന്നവർ, മാറ്റം വരുന്നതിനായുള്ള പരിപാടികൾ
കൂടുതൽ വിവരങ്ങൾക്ക്
www.thenationaltrust.gov.in സന്ദർശിക്കുക.

**രാഷ്ട്രീയ ബാൽ സ്വസ്ത് കാര്യകം** (ആർബിഎസ്കെ പരിശോധന)

ഈ പദ്ധതി വഴി 18 വയസ്സുവരെയുള്ള കുട്ടികൾക്ക് ബാല്യകാല ന്യൂനതകൾ, ബാല്യകാല അസുഖങ്ങൾ, ജൻമവൈകല്യങ്ങൾ, വളർച്ചയിലും വികാസത്തിലും കാലതാമസം മൂലമുണ്ടാകുന്ന വൈകല്യങ്ങൾ എന്നിവ കണ്ടെത്തുന്നതിനായി പരിശോധന നടത്തുന്നു.

ആറു വയസ്സുവരെയുള്ള കുട്ടികളുടെ പരിശോധന അതത് പ്രദേശത്തെ അംഗൻവാടികളിൽവെച്ചും 6 വയസു മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്കുള്ള പരിശോധന വിദ്യാലയങ്ങളിൽവെച്ചും, പരിശോധനകളിൽ എന്തെങ്കിലും തരത്തിലുള്ള വൈകല്യമുള്ള കുട്ടികളെ കണ്ടെത്തുകയാണെങ്കിൽ ആർബിഎസ്കെ പദ്ധതി വഴി കുട്ടിക്ക് സർക്കാർ ആശുപത്രിയിൽ തുടർചികിത്സ തികച്ചും സൗജന്യമായി നൽകുന്നതാണ്. ആർബിഎസ്കെ പരിശോധന പൂർത്തിയാക്കുന്നതിലൂടെ ബാല്യകാലരോഗങ്ങളിൽ നിന്നും പോഷണകുറവിൽ നിന്നും ജന്മവൈകല്യം മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽനിന്നും വളർച്ചയിലും വികാസത്തിലുമുള്ള കാലതാമസങ്ങളിൽനിന്നും നിങ്ങളുടെ കുഞ്ഞിനെ രക്ഷിക്കാനാകും.

**ജില്ലാ ഏർളി ഇന്റർവെൻഷൻ സെന്റർ (ഡിഇഐസി)**

കുട്ടികളിൽ കണ്ടുവരുന്ന ജന്മവൈകല്യങ്ങളും വളർച്ചയിലും വികാസത്തിലും ഉള്ള കാലതാമസം മൂലമുണ്ടാകുന്ന വൈകല്യങ്ങളും പരിഹരിക്കുന്നതിനായി ശിശുരോഗ വിദഗ്ധൻ, മെഡിക്കൽ ഓഫീസർ, ഡെന്റൽ സർജൻ, സൈക്കോളജിസ്റ്റ്, ഫിസിയോതെറാപിസ്റ്റ്, ഓഡിയോളജിസ്റ്റ്, സ്പെഷൽ എഡ്യൂക്കേറ്റർ, ഡെന്റൽ ഹൈജിനിസ്റ്റ്, ഒപ്പറ്റോമെട്രിസ്റ്റ് മുതലായ ഒരു വിദഗ്ധ സംഘം ഡിഇഐസിയുടെ കീഴിൽ പ്രവർത്തിക്കുന്നു. കോഴിക്കോട് ജില്ലയിൽ ബീച്ചിലുള്ള ഗവൺമെന്റ് ജനറൽ ആശുപത്രിയിലാണ് ഡിഇഐസി പ്രവർത്തിക്കുന്നത്. പ്രവർത്തനസമയം രാവിലെ 9 മണിമുതൽ വൈകിട്ട് 4 മണിവരെയാണ്.

**അനുയാത്ര (മൊബൈൽ ഇന്റർവെൻഷൻ സെന്റർ**

ജില്ലാ ഏർളി ഇന്റർവെൻഷൻ സെന്ററിന്റെ സേവനം വീട്ടുപടിക്കൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹിക സുരക്ഷാമിഷന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് അനുയാത്ര. ഈ പദ്ധതിയിൽ സൈക്കോളജിസ്റ്റ്, ഫിയോതെറാപ്പിസ്റ്റ്, സ്പെഷൽ എഡ്യൂക്കേറ്റർ, സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്പ്മെന്റൽ തെറാപിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാകുന്നു.

**കൗമാര ആരോഗ്യ പരിപാടി**

പത്ത് മുതൽ പത്തൊമ്പത് വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ ശാരീരിക മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഡോക്ടർമാരുടെയും കൗൺസിലറുടെയും സേവനം കോഴിക്കോട് ജില്ലയിൽ ബീച്ചിലുള്ള ജനറൽ ആശുപത്രിയിലും പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ ഉള്ള കൗമാര ആരോഗ്യ സൗഹൃദ ക്ലിനിക്കിലും ലഭ്യമാണ്.

**